"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- കോഴിക്കോട് കോർപ്പറേഷനിലെ ബേപ്പൂർ സോണൽ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ഷീബ കെ.-യ്ക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.596/2026/LSGD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.05.2017-ലെ E26-(SC.8/17/NRK)9664/17/UAS നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 19.02.2018-ലെ വിജി-ഡി1/50/2018-വിജി നമ്പർ കത്ത്.
3. 08.03.2021-ലെ EW2/39/2018-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണപത്രിക.
4. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ഷീബ കെ. 19.05.2021 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 22.07.2024-ലെ LSGD/PD/6997/2023-VIGD5 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷനിലെ ബേപ്പൂർ സോണൽ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ BZTP/4523/14 നമ്പർ ഫയലുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തി:-

i. അംഗീകൃത പ്ലാനിലും കംപ്ലീഷൻ പ്ലാനിലും കാണിച്ചിട്ടുള്ള പാർക്കിംഗ് സ്പേസ് നൽകിയിട്ടില്ല; രണ്ട് കാർ പാർക്കിംഗ് സ്പെയ്സുകൾ, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് ചട്ടം 34 ന് വിരുദ്ധമായി കടമുറികളായി രൂപാന്തരപ്പെടുത്തി.
ii. റോളിംഗ് ഷട്ടർ ഇല്ലാത്ത കെട്ടിടമുറികൾക്ക് നമ്പർ നൽകി.
iii. ഇന്റീരിയൽ ഓപ്പണിംഗ് 1999 Kerala Municipality Building Rules, Rule 24(1), 24(6)ൽ നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കുറവാണ്.
iv. കംപ്ലീഷൻ പ്ലാനിൽ കാണിച്ചിരിക്കുന്ന ഡിസേബിൾഡ് ടോയ്‌ലെറ്റിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. ആയത് 1999 Kerala Municipality Building Rules, Rule 40(A)-യുടെ ലംഘനമാണ്.
v. 1999 Kerala Municipality Building Rules, Rule 56(7)-ൽ നിഷ്കർഷിച്ചിരിക്കുന്ന എണ്ണം

വാട്ടർ ക്ലോസറ്റ്, യൂറിനൽ എന്നിവ നിർമ്മിച്ചിട്ടില്ല.

vi. കംപ്ലീഷൻ പ്ലാനിൽ കാണിച്ചിരിക്കുന്ന വാട്ടർ ക്ലോസറ്റ്, യൂറിനൽ എന്നിവ നിർമ്മിച്ചിട്ടില്ല.

vii. പാർക്കിംഗ് ഏരിയ കുറച്ചു നൽകുന്നതിനുവേണ്ടി കെട്ടിടത്തിന്റെ കാർപറ്റ് ഏരിയ പെർമിറ്റിലും കംപ്ലീഷനിലും കുറച്ചു കാണിച്ചു.

2. മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ഷീബ കെ., മുൻ ഓവർസിയർ ശ്രീ. ഗോപിനാഥൻ നായർ ജെ. എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം (3) കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി.

3. അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി ഷീബ കെ. പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു:-

**(i.)** കെട്ടിടത്തിന്റെ ഭാഗമായ രണ്ട് റൂം പാർക്കിംഗിന് വേണ്ടി മാറ്റിവെച്ചിട്ടുണ്ട്; 4 പാർക്കിംഗ് സ്ഥലം നൽകിയിട്ടുണ്ട്.

**(ii.)** ഒക്യുപെൻസി നൽകുന്നതിന് മുമ്പ് പാർക്കിംഗ് ഏരിയയിൽ വാഹനം പാർക്ക് ചെയ്യുന്ന തരത്തിൽ റാമ്പും സാനിറ്റേഷൻ സൗകര്യങ്ങളും ഷോപ്പുകൾക്ക് ഷട്ടർ ഉൾപ്പെടെ ഏർപ്പെടുത്തിയെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളത്.

**(iii.)** പെർമിറ്റ് പ്രകാരം Open to Sky ആയിട്ടാണ് നൽകിയിട്ടുള്ളത്; ആരോപണത്തിൽ പറഞ്ഞ നിർമ്മാണം പിന്നീട് നടത്തിയിട്ടുള്ളത്.

**(iv.) (v.) & (vi.)** സാനിറ്റേഷൻ സൗകര്യങ്ങൾ ഒക്യുപൻസി നൽകുന്നതിന് മുമ്പ് ഉറപ്പു വരുത്തിയിട്ടുണ്ട്. കംപ്ലീഷൻ പ്ലാനിൽ പാർക്കിംഗ് ഏരിയയും ബാത്ത്റൂം (Disable അടക്കം) നമ്പർ നൽകിയിട്ടില്ലാത്തതിനാൽ ടി സൗകര്യങ്ങൾ ആ സമയത്ത് ഉണ്ടായിരുന്നു എന്നതിന് തെളിവാണ്.

**(vii.)** കെട്ടിടത്തിന്റെ കാർപറ്റ് ഏരിയ തയ്യാറാക്കിയതിൽ തറനിലയിലെ പാർക്കിങ്ങിന്റെയും സാനിറ്റേഷൻ സൗകര്യങ്ങളുടെയും സ്റ്റെയർ കേയ്സിന്റെയും ഏരിയ നിയമാനുസൃതമായി കുറവ് വരുത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ ഭാഗമായുള്ള രണ്ട് റൂം പാർക്കിംഗിനുവേണ്ടി മാറ്റിവെച്ചതിനാൽ ആയതും കുറവ് ചെയ്തിട്ടുണ്ട്. ഒന്നാം നിലയിൽ പാസ്സേജ്, സ്റ്റെയർകേസ് എന്നിവ ഒഴിവാക്കിയാണ് കാർപറ്റ് ഏരിയ കണക്കാക്കിയിട്ടുള്ളത്.

4. അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി ഷീബ കെ.-യുടെ വാദങ്ങൾ സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു:-

**(i.)** സ്ഥലപരിശോധന നടത്തിയതിൽ ഇത്തരത്തിൽ രണ്ട് റൂം പാർക്കിംഗിനായി മാറ്റിവെച്ചതായി കാണുന്നില്ല. മുൻവശത്ത് വലതുഭാഗത്ത് ആക്സിസ് ബാങ്ക് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുൻവശത്ത് കെട്ടിടത്തിന്റെ ഭാഗമായി ഏകദേശം

രണ്ടര മീറ്ററോളം സ്പേസ് നൽകിയതായി കാണുന്നു.

(ii.) സൈറ്റ് പരിശോധന നടത്തിയതിൽ നിലവിൽ മുഴുവൻ മുറികൾക്കും റോളിംഗ് ഷട്ടർ ഉള്ളതായി കാണുന്നു.

(iii.) മനുഷ്യവാസത്തിന് ഉപയോഗിക്കാനുദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും മുറി മുൻ, പിൻ, പാർശ്വങ്ങളിലെ തുറസ്സായ സ്ഥലത്തേക്ക് ചേർന്നിരിക്കുന്നതല്ലാത്ത സംഗതിയിൽ 2.4 മീറ്ററിൽ താഴെയല്ലാത്ത വീതിയോടു കൂടിയ ആന്തരിക സ്ഥലത്തേക്ക് ചേർന്നിരിക്കേണ്ടതാണെന്ന് Kerala Municipality Building Rules, Rule 24(7) ൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടം വാണിജ്യാവശ്യത്തിനുള്ളതും കെട്ടിടപരിശോധനയിൽ രണ്ട് നിര ബിൽഡിംഗുകൾക്കിടയിൽ മുകൾഭാഗത്ത് ഒന്നര മീറ്ററിൽ താഴെയാണ് ഓപ്പൺ സ്പേസ് ഉള്ളതെന്നും കാണുന്നു.

(iv.) (v.) & (vi.) സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ പുറകിലായി രണ്ട് ബാത്ത്റൂമുകളും, ബാങ്ക് പ്രവർത്തിക്കുന്ന മുറിക്കുള്ളിൽ ഒരു ബാത്ത് റൂമും ഉള്ളതായി കാണാൻ കഴിഞ്ഞു. എന്നാൽ പൊതുവായ പ്രവേശനമുള്ള ഭിന്നശേഷി സൗഹൃദ ബാത്ത്റൂമും, യൂറിനലും നിലവിൽ കെട്ടിടത്തിൽ ഉള്ളതായി കാണാൻ കഴിഞ്ഞിട്ടില്ല.

(vii.) സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ ആകെ പ്ലിന്ത് ഏരിയ 508.67 ച. മീറ്ററാണ്; സഞ്ചയ ഓൺലൈനിലെ ഡാറ്റ പ്രകാരം ടി കെട്ടിടത്തിലെ പതിനൊന്ന് മുറികളുടെ ആകെ പ്ലിന്ത് ഏരിയ 472.83 ച. മീറ്ററാണ്.

5. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതയുടെ പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാർക്കിങ് ഏരിയ കുറച്ചതും ഇന്റീരിയൽ ഓപ്പണിംഗ് കുറച്ചതും നമ്പർ ലഭിച്ചതിന് ശേഷം ഉടമകൾ അനധികൃതമായി പിന്നീട് ചെയ്തതാണെന്ന അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി ഷീബ കെ.-യുടെ വാദം അംഗീകരിക്കാവുന്നതാണെങ്കിലും ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് അടക്കം ആവശ്യമായ സാനിറ്റേഷൻ സൗകര്യം ഉറപ്പ് വരുത്തുന്നതിലും നികുതി ചുമത്തേണ്ട പ്ലിന്ത് ഏരിയ കൃത്യമായി കണക്കാക്കുന്നതിലും ടിയാളുടെ ഭാഗത്ത് ജാഗ്രതക്കുറവ് സംഭവിച്ചിട്ടുള്ളതാണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ഷീബ കെ.(PEN-555844)-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി, അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (iii) പ്രകാരം ടിയാളുടെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു. **ഉത്തരവ് പ്രകാരമുള്ള തുടർനടപടി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അടിയന്തരമായി നടപ്പാക്കേണ്ടതാണ്.**

6. സേവനത്തിൽ നിന്ന് 31.05.2021-ൽ വിരമിച്ച ഓവർസിയർ ശ്രീ. ഗോപിനാഥൻ നായർ ജെ.-യ്ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടി, ടിയാൾ വിരമിച്ച സാഹചര്യത്തിൽ അവസാനിപ്പിക്കുന്നു. എന്നാൽ ഈ വിഷയത്തിൽ ടിയാൾക്കെതിരെ ശിക്ഷാ നടപടി സ്വീകരിയ്ക്കേണ്ടതുണ്ടെന്നു കാണുന്നതിനാൽ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 59(c) പ്രകാരം അച്ചടക്കനടപടി പ്രത്യേകം

സ്വീകരിയ്ക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീമതി ഷീബ കെ. (PEN-555844), അസിസ്റ്റന്റ് എഞ്ചിനീയർ
2. ശ്രീ. ഗോപിനാഥൻ നായർ ജെ.(PEN-680223), റിട്ട. ഓവർസിയർ
   **(1, 2 ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
4. വിജിലൻസ് ഡയരക്ടർ
5. വിജിലൻസ് (ഡി) വകുപ്പ്
6. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ് **(DPC List സംബന്ധിച്ച നടപടിയ്ക്കായി)**
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
8. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
9. സ്റ്റോക്ക് ഫയൽ (EW2/39/2018-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 05-03-2026 17:47:05
സെക്ഷൻ ഓഫീസർ